സഹകരണ ബാങ്കുകളിലെ അധിക സമാഹരണം

13 (976) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചില സഹകരണ ബാങ്കുകൾ പണം അധികമായി സമാഹരിക്കുകയും വായ്പാ നടപടികൾ ത്വരിതപ്പെടുത്താതെ എഫ്.ഡി. നിരക്കിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ മറ്റു ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ബാങ്കുകളുടെ അറ്റനഷ്ടത്തിന്റെ അളവ് വർദ്ധിക്കുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഡിപ്പോസിറ്റ് അധികമുള്ള ഇത്തരം ബാങ്കുകളെ ഡിപ്പോസിറ്റ് മൊബിലൈസേഷനിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അവയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവത്തേക്കാൾ കൂടുതൽ മിച്ചധനം ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രാഥമിക സംഘങ്ങളുടെ മിച്ച ധനം ജില്ലാ സഹകരണ ബാങ്കുകളിലും, ജില്ലാ സഹകരണ ബാങ്കുകളുടെ മിച്ചധനം സംസ്ഥാന സഹകരണ ബാങ്കിലും നിക്ഷേപിക്കുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങളും, ജില്ലാ സഹകരണ ബാങ്കുകളും നിക്ഷേപകർക്ക് നൽകുന്ന അതേ പലിശ നിരക്ക് സംഘങ്ങൾ/ബാങ്കുകൾക്ക് നൽകേണ്ടതാണെന്ന് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ മേഖലയിലെ നിക്ഷേപം സഹകരണ മേഖലയിൽ തന്നെ നിലനിർത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മിച്ചധനം ധനസഹായ ബാങ്കിൽ നിക്ഷേപിക്കുമ്പോൾ പലിശ നഷ്ടം ഒഴിവാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചു നൽകിയിട്ടുള്ള പലിശ നിരക്ക് നൽകണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ നിക്ഷേപ വർദ്ധനവിന് അനുസരിച്ച് പുതിയ വായ്പാ പദ്ധതികൾ ആവിഷ്കരിക്കുകയും പുതിയ മേഖലകളിൽ നിക്ഷേപം നടത്താൻ കഴിയുമോ എന്നും പരിശോധിച്ചു വരുന്നു.

(സി) വ്യക്തിപരമായി ചില സഹകരണ ബാങ്കുകളെ പ്രത്യേകിച്ച് പരിശോധിക്കുമ്പോൾ മിച്ചധനം ഉണ്ടെങ്കിലും സഹകരണ മേഖലയെ പൊതുവായി കണക്കാക്കുമ്പോൾ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാവുന്നതും സഹകരണ മേഖലയ്ക്ക് മൊത്തത്തിൽ താങ്ങാവുന്നതുമായ നിക്ഷേപ ബാക്കി നിൽപ്പാണുള്ളത് എന്ന നിഗമനത്തിലാണ് എത്തിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളെ നിക്ഷേപ സമാഹരണ യജ്ഞത്തിൽ നിന്നും ഒഴിവാക്കാനാവുന്നതല്ല. എന്നിരുന്നാലും ക്യാമ്പയിനിൽ ലക്ഷ്യം നിശ്ചയിച്ചു നൽകുമ്പോൾ ആയത് പരിശോധനാ വിധേയമാക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly